# വേൾഡ് ഫുഡ് ഇന്ത്യ 2025
# റിപ്പോർട്ട്



ഭക്ഷ്യ സംസ്കരണ മേഖലയിൽ 'വേൾഡ് ഫുഡ് ഇന്ത്യ 2025' ആഗോള വേദിയൊരുക്കി കേന്ദ്രം. 2025 സെപ്റ്റംബർ 25 മുതൽ 28 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ  സംഘടിപ്പിച്ചു. നാലു ദിവസത്തെ പരിപാടിയിൽ 90 രാജ്യങ്ങളിൽനിന്നുള്ള പങ്കാളിത്തമാണുറപ്പാക്കിയിരിക്കുന്നത്. 'വേൾഡ് ഫുഡ് ഇന്ത്യ 2025' ൽ ശക്തമായ സാന്നിധ്യം അറിയിക്കുന്ന കേരളം, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് കേരള പവലിയനും ഒരുക്കിയിരുന്നു.

കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രദർശന പരിപാടിയിൽ സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങളുമായി സംസ്ഥാന വാണിജ്യ-വ്യവസായ വകുപ്പ് ഒരുക്കിയിരുന്ന കേരള പവിലിയൻ്റെ ഉദ്ഘാടനം 2025 സെപ്റ്റംബർ 25 ന് നോർക്ക വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ഇന്റർ നാഷണൽ ഗ്രൂപ്പിൻ്റെ ചെയർമാനുമായ ശ്രീ. എം.എ. യൂസഫലി നിർവഹിച്ചു.

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ  (കെബിപ്പ്) നേതൃത്വത്തിൽ ഒരുക്കിയ കേരള പവലിയനിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ (എംഎസ്എംഇ) മേഖലയിൽ നിന്നുമുള്ള 24 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ്

പങ്കെടുത്തത്. അതിൽ 11 യൂണിറ്റുകൾ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കളാണ് പങ്കെടുത്തത്.

